പ്രസിദ്ധീകരണത്തിന്. . .     04/10/2019

## ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ ആരോഗ്യനില ചികിത്സ തുടരുന്നു

തിരുവനന്തപുരം: കടുത്ത പനിയും അണുബാധയും മൂലം കിംസ് ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്ന തിരുവനന്തപുരം ലത്തീൻ അതി രൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ അണുബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വിദഗ്ദ ചികിത്സ തുടർന്നു വരുന്നു. അതോടൊപ്പം കിംസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി മാറ്റമില്ലാതെ (വഷളാകാതെ) തുടുരുന്നുവെന്നതിനാൽ ആശങ്കപ്പെടേണ്ടതില്ലെ ന്നാണ് ആശുപത്രി വൃത്തങ്ങൾ നൽകുന്ന സൂചന. കിംസ് ആശുപത്രിയിലെ വിദഗ്ദ രായ ഡോക്ടർമാരുടെ നിരീക്ഷണത്തിലാണ് പരിചരണവും ചികിത്സയും നടക്കുന്നത്.

അഞ്ചു വർഷത്തിലൊരിക്കൽ റോമിൽ മാർപാപ്പയുമായി നടത്തുന്ന ഔദ്യോഗിക കൂടിക്കാഴ്ച അദ്മിലീനയ്ക്കായി സെപ്തംബർ 10 ന് യാത്ര തിരിച്ച ആർച്ച് ബിഷപ്പ് ഒക്ടോബർ 1-ാംതീയതിയാണ് തിരിച്ചെത്തുന്നത്. മടക്കയാത്രയ്ക്കിടയിൽ ദേഹാ സ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ദോഹ എയർപ്പോട്ടിൽ വച്ച് പ്രാഥമിക ചികിത്സ നൽകിയിരുന്നു. ഒന്നാം തീയതി ജൂബിലി ആശുപത്രിയിൽ പ്രവേശിപ്പിച്ച ആർച്ച് ബിഷ പ്പിനെ 2-ാം തീയതി ഉച്ചയോടുകൂടിയാണ് കിംസ് ആശുപത്രിയിലേക്ക് മാറ്റിയത്.

ഫാ. യൂജിൻഎച്ച് പെരേര

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം ലത്തീൻ അതിരൂപത

ഫോൺ 9447461851